(സി)&(ഡി) പ്രസ്തുത കാലയളവിൽ തുടങ്ങിയ പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്ന പദ്ധതികളൊന്നും ഇല്ലാത്തതിനാൽ കാലവിളംബംമൂലമുള്ള അധിക ചെലവ് പ്രതീക്ഷിക്കുന്നില്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാംഘട്ട വികസനം

6 (*156)ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി നിർമ്മിക്കാനുദ്ദേശിക്കുന്ന അന്താരാഷ്ട്ര ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുന്നതിനാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്താരാഷ്ട്ര വിമാനത്താവള വികസനം എത്ര ഘട്ടമായി പൂർത്തീകരിക്കാനാണ് തീരുമാനമെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓരോ ഘട്ടത്തിലും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വിമാനത്താവള വികസനത്തിനായി മൊത്തം എന്തുചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഒന്നാംഘട്ട വികസന പദ്ധതി പൂർത്തിയാക്കുന്നതോടെ യാത്രക്കാർക്ക് എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഒന്നാംഘട്ട വികസനം എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ)

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 11.6.2000-ൽ ബഹു: കേന്ദ്ര വ്യോമയാന വകുപ്പു മന്ത്രി നിർവ്വഹിച്ചു.

(ബി)&(സി) രണ്ടു ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടത്തിൽ 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള എല്ലാ വിധ അത്യാധുനിക സൗകര്യങ്ങളുമുള്ള ഒരു പുതിയ രാജ്യാന്തര ടെർമിനലിന്റെ നിർമ്മാണമാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ളത്. പുതിയ ടെർമിനലിൽ ഒരു വലിയ ബി-747-ഉം, ഒരു എ.ബി-300 വിമാനത്തേയും ഒരേ സമയം കൈകാര്യം ചെയ്യാനുള്ള ശേഷി ഉണ്ടായിരിക്കും. കൂടാതെ, അത്യാധുനിക

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമുള്ള മൂന്ന് പാർക്കിംഗ് ബേകൾ, എസ്ക്കലേറ്റർ/ലിഫ്റ്റ് സൗകര്യമുള്ള എയ്റോ ബ്രിഡ്ജുകൾ, അത്യാധുനിക ഫ്ളൈറ്റ് ഇൻഫർമേഷൻ ഡിസ്പ്ലേ സംവിധാനം, വിപുലമായ കാർ പാർക്കിംഗ് സൗകര്യം, ചാക്ക കനാലിനു മുകളിലായി ആറുവരിപാലം തുടങ്ങിയവയാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇല്ല.

(ഇ) കേന്ദ്രസർക്കാർ നിയോഗിച്ച സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒന്നാംഘട്ട വികസന പദ്ധതികൾക്ക് മൊത്തം 91.23 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്.

(എഫ്) ഒന്നാം ഘട്ട വികസന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്ന അത്യാധുനിക സൗകര്യങ്ങളുള്ള രാജ്യാന്തര ടെർമിനലിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി നിലവിലുള്ള 400 യാത്രക്കാരെ ഒരേ സമയം കൈകാര്യം ചെയ്യാനുള്ള ശേഷി, 1000 യാത്രക്കാരെയാക്കി വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ അത്യാധുനിക സംവിധാനമുള്ള മൂന്ന് പാർക്കിംഗ് ബേ, എസ്ക്കലേറ്റർ/ലിഫ്റ്റ് സൗകര്യമുള്ള എയ്റോ ബ്രിഡ്ജുകൾ, അത്യാധുനിക ഫ്ളൈറ്റ് ഇൻഫർമേഷൻ ഡിസ്പ്ലേ സംവിധാനം, വിപുലമായ കാർ പാർക്കിംഗ് സൗകര്യം എന്നിവയും ലഭ്യമാക്കുന്നതാണ്.

(ജി) രണ്ടു വർഷത്തുനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ക്യാൻസർ രോഗനിർണ്ണയത്തിന് 'കാൻസർനെറ്റ്' ഓൺലൈൻ പദ്ധതി

7 (*157) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്യാൻസർ രോഗനിർണ്ണയത്തിന് 'കാൻസർനെറ്റ്' എന്നുപേരിലുള്ള ഓൺലൈൻ പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ?

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ:

(സി) സംസ്ഥാനത്തെ ഏതൊക്കെ ഏജൻസികളുടെ സഹായസഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ:

(ഡി) ഇതിന്റെ നടത്തിപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഉപകേന്ദ്രങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാൻസർനെറ്റ് ഉപകേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിദൂരകേന്ദ്രങ്ങളിൽ കൂടി സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ജി) പദ്ധതിയുടെ നടത്തിപ്പിനായി എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly